I/103775/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/2619/2023-ICDSB4

വനിതാ-ശിശുവികസന ഡയറക്ടറുടെ കാര്യാലയം,

പൂജപ്പുര,തിരുവനന്തപുരം

തീയതി : 03-07-2023

E-Mail:directorate.wcd@kerala.gov.in

Phone No.0471–2346534

## പരിപത്രം

വിഷയം:- വനിതാ-ശിശുവികസന വകുപ്പ്- ഐ.സി.ഡി.എസ്സ് പദ്ധതി-അങ്കണവാടി ജീവനക്കാർ ജോലികളിൽ വീഴ്ച വരുത്തുകയാണെങ്കിൽ സ്വീകരിക്കേണ്ട ശിക്ഷണ നടപടികൾ-മാർഗ്ഗനിർദ്ദേശം-ഭേദഗതി സംബന്ധിച്ച്

സൂചന:-

1. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 21/05/2004 ലെ ഐ.സി.ഡി.എസ്സ് എ1-24624/2003 നമ്പർ നടപടിക്രമങ്ങൾ
2. ഈ കാര്യാലയത്തിലെ 13/02/2020 ലെ ICDS/B6-20509/2019 നമ്പർ പരിപത്രം
3. ഈ കാര്യാലയത്തിലെ 21/04/2021 ലെ ICDS/B6-20509/2019(1) നമ്പർ പരിപത്രം

സംസ്ഥാനത്തെ ഐ.സി.ഡി.എസ്സ് പ്രോജക്ടുകളിലെ അങ്കണവാടി കളിൽ പ്രവർത്തിയെടുക്കുന്ന അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും അവരുടെ കർത്തവ്യങ്ങളിൽ അതീവ ഗുരുതര വീഴ്ചകളോ കുറ്റങ്ങളോ ചെയ്യുകയാണെങ്കിൽ അവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുവാൻ സൂചന (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ശിക്ഷണ നടപടികളിന്മേൽ അപ്പീൽ സമർപ്പിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ റീജിയണൽ അസിസ്റ്റൻറ് ഡയറക്ടർ ആണ്. എന്നാൽ നിലവിൽ സാമൂഹ്യ നീതി വകുപ്പ വിഭജനം നടത്തി വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചിരിക്കുകയാണ്. വനിതാ ശിശു വികസന വകുപ്പിൽ റീജിയണൽ അസിസ്റ്റൻറ് ഡയറക്ടർ തസ്തിക നിലവിലില്ലാത്ത സാഹചര്യത്തിൽ അപ്പീൽ സമർപ്പിക്കുന്നതിനു ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ, സൂചന (1) നടപടിക്രമങ്ങളിലേയും സൂചന (2)(3)പരിപത്രങ്ങളിലേയും നിബന്ധനകൾക്കനുസൃതമായി, ശിശു വികസന പദ്ധതി ആഫീസറുടെ തീർപ്പിൽ എന്തെങ്കിലും പരാതി ഉള്ളപക്ഷം ബന്ധപ്പെട്ട വർക്കർ/ഹെൽപ്പർമാർക്ക് ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം അതാത് ജില്ലാ വനിതാ ശിശു വികസന ആഫീസർക്ക് ഒന്നാം അപ്പീൽ സമർപ്പിക്കാവുന്നതും, ജില്ലാ വനിതാ ശിശു വികസന ആഫീസർ 60 ദിവസത്തിനകം ആയതിൽ നിയമാനുസൃതമായ തീർപ്പ് കൽപ്പിച്ച് ഉത്തരവ് ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. പ്രസ്തുത ഉത്തരവിന്മേൽ പരാതിയുള്ള പക്ഷം 30 ദിവസത്തിനകം വനിതാ-ശിശു വികസന ഡയറക്ടർ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കാവുന്നതുമാണ്. അപ്പീൽവാദിക്ക മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കാൻ സാധിക്കാതെ വന്നാൽ

I/103775/2023

ആയത് മതിയായ കാരണത്താലാണെന്ന് അപ്പീൽ അധികാരികൾക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം,മേൽപ്പറഞ്ഞ കാലയളവിനു ശേഷവും അപ്പീൽ അധികാരികൾക്ക് പ്രസ്തുത അപ്പീൽ സ്വീകരിക്കാവുന്നതാണ്.

PRIYANKA G

**വനിതാ-ശിശുവികസന ഡയറക്ടർ**

പകർപ്പ്

1. എല്ലാ ജില്ലാ വനിതാ-ശിശു വികസന ആഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
3. എല്ലാ സി.ഡി.പി.ഒ മാർക്കും
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

**Signed by Priyanka G**
**Date: 03-07-2023 16:59:31**